Rao Sahib M. M. Paul *(Director of Food Supplies):* Because in Chittur Taluk there is more paddy than what is required for local consumption. As a rule the rice that is required for consumption in the Taluk is retained there and the rest transported.

Mr. Parmael Ipe Ipe *(Kunnamkulam):* Is not Talappalli Taluk self sufficient?

Rao Sahib M. M. Paul *(Director of Food Supplies):* It is not self sufficient. The paddy produced there is not sufficient for the whole taluk. Sometimes we will have to send raw rice from here. As far as possibled rice is sent. But at times the quantity of boiled rice will be short and so we have to send raw rice.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: മട്ടാഞ്ചേരിയിൽ "Raw rice" സ്റ്റോക്ക് അധികമുണ്ടോ?

റാവു സാഹിബ് എം. എം. പോൾ: അധികമില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: പിന്നെ എത്രയുണ്ട്?

Rao Sahib M. M. Paul *(Director of Food Supplies):* I want notice.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: റംസാൻ കാലമായതുകൊണ്ട് മുസ്ലീമിങ്ങൾക്ക് Raw rice കൂടുതൽ ആവശ്യമുണ്ടെന്ന് ഗവൺമെണ്ടിനറിയാമോ?

Rao Sahib M. M. Paul *(Director of Food Supplies):* Yes.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഗുജറാത്തികൾക്കും ഇതു കൂടുതൽ കൊടുക്കുവാൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

Rao Sahib M. M. Paul *(Director of Food Supplies):* Yes.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: എല്ലാ സമുദായക്കാർക്കും Raw rice ആവശ്യമുള്ളതല്ലേ?

Rao Sahib M. M. Paul *(Director of Food Supplies):* Generally there is an aversion for people to eat raw-rice.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: അധികംപേരും പച്ചരിമാത്രം ഇഷ്ടപ്പെടുന്നവരാണോ?

Rao Sahib M. M. Paul *(Director of Food Supplies):* No. Majority prefer boiled rice.

SECONDARY TRAINING COURSE

332. ചൌധുരി ജി. എസ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെണ്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി പറയുമോ.

(എ) സെക്കണ്ടറി ട്രെയിനിംഗ് കോഴ്സ് ഒരു കൊല്ലത്തിൽനിന്നും രണ്ടുകൊല്ലമായി വർദ്ധിപ്പിക്കുവാനുള്ള കാരണം എന്താണ്;

(ബി) കഴിഞ്ഞ കൊല്ലം ട്രെയിനിംഗിന്ന എത്രം പേരെ തിരഞ്ഞെടുത്തു; അതിൽ എത്രപേർ ചേർന്ന പഠിക്കുന്നുണ്ട്;

(സി) ഫൈനൽ-ൽ എത്രപേർ സെക്കണ്ടറി ട്രെയിനിംഗിന്ന ചേർന്ന പഠിക്കയുണ്ടായി;

(ഡി) ഫൈനൽ-ൽ ഒരു aided school training വിദ്യാർത്ഥിക്ക് എത്രവീതം മാസം stipend കൊടുത്തിരുന്നു; ഇക്കൊല്ലം എത്രവീതം നൽകുന്നുണ്ട്?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ:

(എ) മദ്രാസിൽ വളരെക്കാലം മുമ്പുതന്നെ രണ്ടുകൊല്ലമാണ്. അതുകൊണ്ട് അവിടെ കൊച്ചിയിലെ ഒരു കൊല്ലത്തെ ട്രെയിനിംഗ് സമമായി അംഗീകരിച്ചിരുന്നില്ല. അവിടത്തെപ്പോലെതന്നെ ഇവിടെയും ട്രെയിനിംഗ് നടത്തി തുല്യയോഗ്യത ഇവിടത്തെ അദ്ധ്യാപകന്മാർക്കും ഉണ്ടാക്കേണ്ട ആവശ്യമാണ് രണ്ടു കൊല്ലമാക്കുവാനുള്ള കാരണം. രണ്ടുകൊല്ലത്തെ കോഴ്സ് പ്രകാരം അദ്ധ്യാപകന്മാരുടെ സാധാരണ പഠിപ്പ് ഇണ്ടർമീഡിയറ് പരീക്ഷക്കുള്ള തോതാകയാൽ അവർക്ക് കൂടുതൽ യോഗ്യതയും ഉണ്ടാകും.

(ബി) 80 പേർ. ഇപ്പോൾ 72 പേർ പഠിക്കുന്നുണ്ട്. 8 പേർ മരിച്ചുപോയി രണ്ടുപേർ പഠിപ്പു വേണ്ടെന്നുവെച്ചു.

(സി) ശൂന്യം.

(ഡി) Rs. 20.

Rs. 20.

LIBRARY ARCHIVES Kerala Legislative Assembly

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഈ മൂന്നുപേരുടെ ഒഴിവിലേക്ക് ആരെയെങ്കിലും എടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ആരെയും എടുത്തിട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഈ പ്രകാരം കൊണ്ട് അവരുടെ ചിലവിന്ന് മതിയാവുകയില്ലെന്നും ഗവണ്മെണ്ടിന്നും അറിയാമോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ഇതു് പോരായെന്നു് അറിയാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇവക്കു് ഡിയർനസ്സു് അലവൻസിന്റെ പേരിൽ വല്ലതും കൂടുതൽ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ഇല്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: Aided school teachers-നും മാനേജുമെണ്ടു വല്ല സ്റ്റൈപ്പൻഡും കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: എന്നുമുതൽക്കാണു് മദ്രാസ്സിൽ രണ്ടുകൊല്ലത്തെ ട്രെയിനിംഗു് തുടങ്ങിയതു്?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: അതു് വളരെക്കാലമായിട്ടുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു് ഈ പ്രകാരം കൊടുത്തിരിക്കുന്നതു്. ഇതുകൊണ്ടു് അവക്കു് ചിലവിന്നു് മതിയാകുമെന്നു് തോന്നുന്നുണ്ടോ.

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: തല്ക്കാല ധനസ്ഥിതിയുടെ തോതു നോക്കീട്ടാണു് ഇങ്ങിനെ കൊടുക്കുന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: അപ്പോൾ അവക്കു് ശമ്പളം കിട്ടുകയില്ലേ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ഇല്ല.

മിസ്റ്റർ പി. കെ. ഡിവർ: ഇപ്പോൾ കൊടുക്കുന്ന സംഖ്യ യുദ്ധകാലത്തിന്നുമുമ്പു് കൊടുത്തിരുന്നതാണല്ലൊ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: അതെ.

മിസ്റ്റർ പി. കെ. പോൾ: ഈ രണ്ടുകൊല്ലത്തെ ട്രെയിനിംഗു് എന്നുള്ളതു് ഒരു കൊല്ലമാക്കി ചുരുക്കിക്കൂടെ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ഒരു കൊല്ലത്തെ ട്രെയിനിംഗു് ഇപ്പോൾ കൊടുത്തു നോക്കുന്നുണ്ടു്. പക്ഷെ അതിന്റെ ഫലം കണ്ടതന്നെ അറിയണം.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: യുദ്ധത്തിന്നുമുമ്പു് നിശ്ചയിച്ചതാണു് ഈ പ്രകാരം എന്നു പറഞ്ഞു. ഇപ്പോൾ ഇതു പോരായെന്നുള്ളതു് ഗവണ്മെണ്ടിന്നു് അറിഞ്ഞുകൂടെ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: അതൊന്നും നോക്കീട്ടല്ല ഇതു കൊടുക്കുന്നതു്

മിസ്റ്റർ പി. ടി. ജേക്കബ്ബു്: ഇതു പോരായെന്നു് പറഞ്ഞിട്ടു വല്ല അപേക്ഷകളും കിട്ടീട്ടുണ്ടോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: അതും അപേക്ഷിച്ചിട്ടില്ല.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഈ ട്രെയിനിംഗു് പീരീഡിൽ ഡിയർനസ്സു് അലവൻസുംകൂടി കൊടുക്കുകയില്ലെന്നാണോ ഗവണ്മെണ്ടു പറയുന്നതു്?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ഇല്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: ഇപ്പോൾ കൊടുക്കുന്ന സ്റ്റൈപ്പൻഡു, പോരായെന്നു് പറഞ്ഞു് അപേക്ഷകൾ കിട്ടിയാൽ അതിനെപ്പറ്റി ആലോചിക്കുമോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ: ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly